''ഭരണഭാഷ - മാതൃഭാഷ''

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ജി1/110/15

ചാക്ക, തിരുവനന്തപുരം-7
തീയതി: 15.06.2015

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ഫെബ്രുവരി 2014ൽ നടത്തിയ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് (ഒന്നാം സെമസ്റ്റർ), ആഗസ്റ്റ് 2014 ൽ നടത്തിയ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് (ഒന്നാം സെമസ്റ്റർ/ രണ്ടാം സെമസ്റ്റർ)- പാസായ ട്രെയിനികൾക്ക് ഏകീകൃത മാർക്ക്ഷീറ്റുകൾ (consolidated marksheet) വിതരണം നടത്തുന്നത്- സംബന്ധിച്ച്.

***************

ഫെബ്രുവരി 2014 ൽ നടത്തിയ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് (ഒന്നാം സെമസ്റ്റർ), 2014 ആഗസ്റ്റിൽ നടത്തിയ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് (ഒന്നാം സെമസ്റ്റർ, രണ്ടാം സെമസ്റ്റർ) എന്നീ പരീക്ഷയിൽ പങ്കെടുത്ത് വിജയിച്ച ട്രെയിനികൾക്കുള്ള ഏകീകൃത മാർക്ക്ഷീറ്റുകൾ(consolidated marksheet) വിവിധ സ്ഥാപനങ്ങൾക്ക് ഓൺലൈൻ മുഖാന്തിരം പ്രിന്റ് ചെയ്ത് എടുക്കാവുന്നതാണ്. ആയതിന് www.det.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്. മാർക്ക്ഷീറ്റുകളുടെ വിതരണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. പ്രിന്റ് എടുക്കുന്ന കൺസോളിഡേറ്റഡ് മാർക്ക്ഷീറ്റുകൾ ഓരോ സെമസ്റ്റർ പരീക്ഷയും എഴുതി ലഭ്യമാക്കുന്ന മാർക്ക്ഷീറ്റ് ഉപയോഗിച്ച് പരിശോധിച്ചതിന് ശേഷം ടി മാർക്ക്ഷീറ്റിലെ വിവരങ്ങൾ എല്ലാംതന്നെ ശരിയാണെന്ന് ഉറപ്പാക്കിയശേഷം മാത്രമേ 'checked' എന്ന ഭാഗത്ത് ഒപ്പ് രേഖപ്പെടുത്താവൂ. ആയതിനു ശേഷം പ്രിൻസിപ്പാൾമാർ ഒപ്പ് രേഖപ്പെടുത്തേണ്ട ഭാഗത്ത് ഒപ്പ് രേഖപ്പെടുത്തി ഔദ്യോഗിക മുദ്രയും , ഓഫീസ് മുദ്രയും പതിപ്പിക്കേണ്ടതാണ്.
2. ഒരു ട്രെയിനിക്ക് ഒരു മാർക്ക്ഷീറ്റ് മാത്രമേ വിതരണം നടത്താൻ പാടുള്ളൂ. ഒന്നിൽ കൂടുതൽ മാർക്ക്ഷീറ്റുകൾ ട്രെയിനികൾക്ക് വിതരണം നടത്തിയാൽ ആർ.ഐ.സെന്റർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ പേര് രജിസ്റ്റർ ചെയ്യുന്ന അവസരത്തിൽ രജിസ്റ്റർ ചെയ്ത വിവരം രേഖപ്പെടുത്തുന്നതിൽ പ്രയാസം നേരിടാൻ സാധ്യതയുണ്ട്. ആയതിനാൽ ഒരു ട്രെയിനിക്ക് ഒരു മാർക്ക്ഷീറ്റ് മാത്രമേ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ ഒപ്പ് രേഖപ്പെടുത്തി ട്രെയിനികൾക്ക് വിതരണം നടത്താവൂ.

3. കൺസോളിഡേറ്റഡ് മാർക്ക്ഷീറ്റുകളുടെ വിതരണം നടത്തുന്നതിനെ സംബന്ധിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ആയതിൽ ടി മാർക്ക്ഷീറ്റിനെ സംബന്ധിച്ച എല്ലാ വിവരങ്ങളും രേഖപ്പെടുത്തേണ്ടതാണ്. മാർക്ക്ഷീറ്റ് കൈപ്പറ്റുന്ന ട്രെയിനിയുടെ തീയതിയോടു കൂടിയ ഒപ്പ് രേഖപ്പെടുത്തി മാത്രമേ ട്രെയിനികൾക്ക് മാർക്ക്ഷീറ്റുകൾ വിതരണം നടത്താൻ പാടുള്ളൂ.
4. കൺസോളിഡേറ്റഡ് മാർക്ക്ഷീറ്റിൽ ഏതെങ്കിലും അപാകത കണ്ടെത്തിയാൽ ആയത് ട്രെയിനികൾക്ക് വിതരണം നടത്താൻ പാടില്ല. ആയത് ബന്ധപ്പെട്ട രേഖകൾ സഹിതം തിരുത്തൽ വരുത്തുന്നതിന് പരീക്ഷാവിഭാഗത്തിൽ എത്തിക്കേണ്ടതാണ്.

എല്ലാ സ്ഥാപനമേധാവികളും പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായും പാലിച്ചുകൊണ്ട് ടി മാർക്ക്ഷീറ്റുകൾ വിതരണം നടത്തേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഗവ./സ്വകാര്യ/എസ്.സി.ഡി.ഡി/
എസ്.ടി.ഡി.ഡി സ്ഥാപനമേധാവികൾക്കും

പകർപ്പ്;- വകുപ്പ് വെബ്സൈറ്റിലേക്ക്

എ 15.6.15